(ബി) ഓഫീസ് ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി മാത്രം ഉപയോഗിക്കുന്നതിനുള്ള വാഹനങ്ങൾ വാങ്ങുന്നതിന് പകരം ലക്ഷ്വറി വാഹനങ്ങൾ വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സർക്കാർ ആവശ്യങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് ചെലവാക്കാവുന്ന തുക എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ചെലവാക്കാവുന്ന പരമാവധി തുക എത്രയെന്ന് നിജപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഓരോ വകുപ്പിന്റെയും ആവശ്യമനുസരിച്ച് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് മിനിമം വാഹനങ്ങൾ വാങ്ങാറുണ്ട്.

(ഡി) ഉത്തരം 'സി' യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ സമയപരിധി

151 [3112] *ശ്രീ എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആഫീസുകളിൽ നൽകുന്ന അപേക്ഷകൾക്ക് രസീത് നൽകുവാൻ നിർദ്ദേശമുണ്ടോ;

(ബി) ഇത് നൽകുന്നുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷകളിന്മേലുള്ള തീരുമാനത്തിനുള്ള സമയപരിധി രസീതിൽ വ്യക്തമാക്കുമോ;

(ഡി) സമയപരിധികഴിഞ്ഞിട്ടും തീരുമാനമെടുക്കാത്ത ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് നൽകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ചുമതല അതത് ഓഫീസ് മേധാവികൾക്കാണ്.

(സി) & (ഡി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly